കല്ലേറ്റുംകരയിലെ കാലിത്തീറ്റ ഫാക്ടറിയിലെ തീപിടുത്തം

153 (1088) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിലെ കല്ലേറ്റുകരയിലെ കാലിത്തീറ്റ ഫാക്ടറിയിൽ കാലിത്തീറ്റ നിർമ്മാണത്തിന് സംഭരിച്ച ചോളത്തിന് തീപിടിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര പ്രാവശ്യം തീപിടുത്തം ഉണ്ടായി ; ഇതുമൂലം എത്ര സംഖ്യ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) തീപിടിത്തത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് മാള എം. എൽ.എ. രേഖാമൂലം ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്പാദനമാരംഭിച്ച ശേഷം രണ്ടു പ്രാവശ്യം തീപിടുത്തമുണ്ടായി. ഏകദേശം 1.08 കോടി രൂപ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

(സി) ഉണ്ട്.

(ഡി) കമ്പനിതലത്തിൽ നടന്ന അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച ശേഷം കൂടുതൽ അന്വേഷണം ആവശ്യമെങ്കിൽ നടത്തുന്നതാണ്.

മാള നിയോജകമണ്ഡലത്തിലെ കാലിത്തീറ്റ ഫാക്ടറി

154 (1089) ശ്രീ. യു.എസ്.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിൽ കല്ലേറ്റുംകരയിൽ പ്രവർത്തനം ആരംഭിച്ച കാലിത്തീറ്റ ഫാക്ടറി പ്രവർത്തനം ആരംഭിച്ചത് ഏതു വർഷത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഫാക്ടറിക്കുവേണ്ടി ഈ സർക്കാർ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾ എന്തു തുക വീതം ഈ ഫാക്ടറിക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999 ഫെബ്രുവരി മാസത്തിലാണ് കമ്പനി പ്രവർത്തനം ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly